I/91047/2023

**തദ്ദേശസ്വയംഭരണ വകുപ്പ്, പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ.**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവ നന്തപുരം - തിരുവനന്തപുരം നഗരസഭ - വിഴിഞ്ഞം വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാ ണം - കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തി ൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:- 1. ചീഫ് ടൗൺപ്ലാനറുടെ 03.03.2023 ലെ TCPCTP/368/2023-D3 നമ്പർ ഉത്തരവ്.

2. ശ്രീ.കെ. ജയേന്ദ്രജ്യോതി ഈ കാര്യാലയത്തിൽ 16.12.2022-ന് സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നമ്പർ: TCPTVM/1641/22-D തീയതി 12-04-2023**

തിരുവനന്തപുരം നഗരസഭ വിഴിഞ്ഞം വില്ലേജിൽ റീസർവ്വേ നമ്പർ 446/11-2 ൽപെട്ട 11.13 ആർ സ്ഥലത്ത് ഗ്രൂപ്പ് I ഹസാർഡസ് ഒക്യുപൻസി - 221 ച.മി ബിൽറ്റപ് ഏരിയയുള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിന് ലേ-ഔട്ട് അപ്രൂവലി നായി സമർപ്പിച്ച അപേക്ഷയിന്മേൽ നിർദ്ദിഷ്ട നിർമ്മാണ സ്ഥലം ഉൾപ്പെട്ട വിഴിഞ്ഞം വില്ലജ് മുൻസർവ്വേ 208, അംഗീകൃത കോവളം - വിഴിഞ്ഞം ഏരിയ ഡവലപ്മെൻറ് പ്ലാനിൽ "റസിഡൻഷ്യൽ സോണിൽ" ഉൾപ്പെടുന്നതിനാൽ സോണിംഗ് റെഗുലേഷൻ അനുസരിച്ച് "fuel filling station" ന് ചീഫ് ടൗൺപ്ലാനറുടെ കൺകറൻസ് ആവശ്യമായതിനാൽ ആയത് ചീഫ് ടൌൺ പ്ലാനർക്ക് അയച്ചു കൊടുക്കുകയും, സൂചന (1) പ്രകാരം കൺകറൻസ് അനുവദിച്ചു ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.

പ്രസ്തുത പെട്രോൾ പമ്പ് നിർമ്മാണത്തിന് KMBR-2019 ചട്ടം 30 പ്രകാരം ജില്ലാ ടൗൺപ്ലാനറുടെ ലേ-ഔട്ട് അനുമതി ആവശ്യമാണ്. ആയതിനാൽ അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. മുഖ്യനഗരാസൂത്രകൻറെ കൺകറൻസ് ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
2. പ്രസ്തുത നിർമ്മാണം KMBR ചട്ടങ്ങൾക്കും, ബാധകമായ മറ്റു നിയമങ്ങൾ വിധേയമാണെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതി നുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**ലേ-ഔട്ട് അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ, നമ്പർ : 09/2023 (ഒരു സെറ്റ്) ഉള്ളടക്കം ചെയ്യുന്നു.**

RAJESH T N
TOWN PLANNER

Signed by
Rajesh T N
Date: 12-04-2023 18:35:00

ഉള്ളടക്കം: മേൽപ്രസ്താവിതം,സ്വീകർത്താവ്

സ്വീകർത്താവ്,
സെക്രട്ടറി

I/91047/2023

തിരുവനന്തപുരം നഗരസഭ

പകർപ്പ്: 1) അപേക്ഷകൻ,(അറിവിലേയ്ക്കായി)
ശ്രീ.കെ. ജയേന്ദ്രജ്യോതി
കമല നിവാസ്
കിടാരക്കുഴി
വെങ്ങാനൂർ പി.ഒ.
2 )കരുതൽ ഫയൽ.
3)ഫയൽ.

–

–